**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ സുരക്ഷിത യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര കെ. എസ്. ആർ. ടി. സി. ബസുകൾ സർവീസ്സിനിടെ തീപിടിച്ചിട്ടുണ്ട്; എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; ജീവനക്കാർക്കും യാത്രക്കാർക്കും അപകടം സംഭവിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ 6 കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസിനിടെ തീപിടിച്ചിട്ടുള്ളത്. ആയതിൽ ഏകദേശം 50 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ടി അപകടങ്ങളിൽ യാതൊന്നിലും ജീവനക്കാർക്കോ, യാത്രക്കാർക്കോ അപകടം സംഭവിച്ചിട്ടില്ല.<br><br>ഈ സർക്കാരിന്റെ കാലയളവിൽ രണ്ട് (2) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകൾ സർവീസ്സിനിടെ തീപിടിക്കുകയുണ്ടായി.<br><br>1. KL-15-A-2460 (KS107) - 12,58,702 രൂപയുടെ നാശനഷ്ടം ബസിന് ഉണ്ടായിട്ടുണ്ട്.<br>2. KL-15-A-2444 (KS108) - 25,53,969 രൂപയുടെ നാശനഷ്ടം ബസിന് ഉണ്ടായിട്ടുണ്ട്.<br><br>ടി അപകടത്തിൽ ജീവനക്കാർക്കോ യാത്രക്കാർക്കോ സാരമായ പരിക്കുകളൊന്നും സംഭവിച്ചിട്ടില്ല. |
| (ബി) | ബസുകളുടെ കാലപ്പഴക്കം, ഇലക്ട്രിക്കൽ തകരാറുകൾ, കൃത്യമായ പരിപാലനത്തിന്റെ അഭാവം എന്നിവ മൂലം ജീവനക്കാരുടെയും യാത്രക്കാരുടെയും സുരക്ഷ അപകടത്തിലാകുന്ന ഗുരുതര സാഹചര്യം ഒഴിവാക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇലക്ട്രിക്കൽ തകരാറുകൾ, കൃത്യമായ പരിപാലനത്തിന്റെ അഭാവം എന്നിവ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ യൂണിറ്റ്, സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകൾക്കും നൽകിയിട്ടുണ്ട്. ബസ്സുകളുടെ സുരക്ഷിതത്വവും, കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി ബസ്സുകളുടെ എല്ലാ ഭാഗങ്ങളും കർശനമായി പരിശോധിച്ച് കണ്ടെത്തുന്ന തകരാറുകൾ പൂർണ്ണമായും പരിഹരിച്ച മാത്രമാണ് സർവ്വീസിന് നൽകാറുള്ളത്. അതോടൊപ്പം ചുമതലയുള്ള ഉദ്യോഗസ്ഥർ സൂപ്പർ ചെക്കിംഗ് നടത്തി തകരാറുകൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, കൂടാതെ വാഹന നിർമ്മാതാക്കൾ നിഷ്കർഷിക്കുന്ന ഇടവേളകളിൽ ബസ്സുകളുടെ പീരിയോഡിക് മെയിന്റനൻസ് എല്ലാം യൂണിറ്റ് |

| | | | |
|---|---|---|---|
| | | | തലത്തിൽ നടപ്പിലാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ് ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ